**പതിനാറാം കേരളനിയമസഭ**

**രണ്ടാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 1371** **15-10-2026-ൽ മറുപടിയ്ക്ക്**

**വടക്കാഞ്ചേരി മണ്ഡലത്തിൽ ടൂറിസം പദ്ധതികൾ**

**ചോദ്യം ഉന്നയിച്ച അംഗങ്ങൾ** **മറുപടി നൽകിയ മന്ത്രി**

ശ്രീ. സേവ്യർ ചിറ്റിലപ്പിള്ളി ശ്രീ. പി. സി. വിഷ്ണുനാഥ്
(വിനോദസഞ്ചാര - സാംസ്കാരിക വകുപ്പ് മന്ത്രി)

**(എ)** വടക്കാഞ്ചേരി മണ്ഡലത്തിൽ ടൂറിസം വകുപ്പിന്റെ നേതൃത്വത്തിൽ നടപ്പിലാക്കുന്ന വിവിധ പദ്ധതികളുടെ നിലവിലെ പുരോഗതി വിശദമാക്കാമോ;

**മറുപടി: 1. മ്യൂസിക്കൽ ഡാൻസിങ് ഫൗണ്ടൻ വിത്ത് മൾട്ടിമീഡിയ ഷോ അറ്റ് വാഴാനി ഡാം:-**

പദ്ധതിയുടെ 70% നിർമ്മാണം പൂർത്തിയായിട്ടുണ്ട്.. ബാക്കിയുള്ള നിർമ്മാണ പ്രവർത്തനങ്ങൾ പുരോഗമിച്ചു വരുന്നു.

**2. ഇക്കോ ടൂറിസം വില്ലേജ് അറ്റ് പൂമല:-**

പദ്ധതിയുടെ 70% നിർമ്മാണം പൂർത്തിയായിട്ടുണ്ട്. ബാക്കിയുള്ള പ്രവർത്തനങ്ങൾക്കായി ജലസേചന വകുപ്പിന്റെ അനുമതി ലഭ്യമാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

**3. വിലങ്ങൻകുന്ന് സൗന്ദര്യവൽക്കരണം ഒന്നാം ഘട്ടം:-**

നിർവഹണ ഏജൻസിയായ KIIDC ഇതുവരെ പദ്ധതി പ്രവർത്തനങ്ങൾ ആരംഭിച്ചിട്ടില്ല.

**4.വിലങ്ങൻകുന്ന് സൗന്ദര്യവൽക്കരണം രണ്ടാം ഘട്ടം:**

പദ്ധതിയുടെ ഭാഗമായി റസ്റ്ററന്റിന്റെയും സെമിനാർ ഹാളിന്റെയും നിർമ്മാണ പ്രവർത്തനങ്ങൾ പുരോഗമിച്ചുവരുന്നു.

**5. വി പാർക്ക് അറ്റ് മുളങ്കുന്നത്തുകാവ് റെയിൽവേ മേൽപ്പാലം:-**

പദ്ധതിയുടെ എഗ്രിമെന്റ് നടപടികൾ പൂർത്തിയാക്കി നിർമ്മാണ പ്രവർത്തനങ്ങൾ ആരംഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ച് വരുന്നു.

**6. വി പാർക്ക് അറ്റ് ചെമ്പിശ്ശേരി റെയിൽവേ മേൽപ്പാലം:-** പദ്ധതിയുടെ പ്രവർത്തനങ്ങൾ ആരംഭിച്ചിട്ടില്ല. പദ്ധതിയ്ക്കായി ഉൾപ്പെടുത്തിയിട്ടുള്ള സ്ഥലത്തിന് റവന്യൂ വകുപ്പിന്റെ എൻ.ഒ.സി. ലഭ്യമാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ച് വരുന്നു.

**7. വി പാർക്ക് അറ് അത്താണി റെയിൽവേ മേൽപാലം:-**

പ്രവർത്തി ആരംഭിക്കുന്നതിന് ഏജൻസിയെ കണ്ടെത്തി വർക്ക് ഓർഡർ നൽകിയിട്ടുണ്ട്. നിർമ്മാണപ്രവർത്തനങ്ങൾ ആരംഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ച് വരുന്നു.

**8. വടക്കാഞ്ചേരി ടൂറിസം സർക്യൂട്ട്:-**

നിർമ്മാണ ഏജൻസി സാങ്കേതിക അനുമതി ലഭ്യമാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ച് വരുന്നു.

**9. ഡെസ്റ്റിനേഷൻ ചലഞ്ച് - കോലഴി ഗ്രാമപഞ്ചായത്തിലെ റിവർസൈഡ് പാർക്ക്:-**

പദ്ധതി റദ്ദാക്കണമെന്ന് ഗ്രാമപഞ്ചായത്ത് അറിയിച്ചതിന്റെ അടിസ്ഥാനത്തിൽ വകുപ്പ് നടപടി സ്വീകരിച്ച് വരുന്നു.

**10. ഡെസ്റ്റിനേഷൻ ചലഞ്ച് മിനി ഊട്ടി ടൂറിസം വികസനം:** തെക്കുംകര ഗ്രാമപഞ്ചായത്തിനാണ് നിർവ്വഹണ ചുമതല ഏൽപ്പിച്ചിട്ടുള്ളത്. ആയത് നടന്നുവരുന്നു.

**(ബി)** പ്രസ്തുത പദ്ധതികൾ കാലതാമസം കൂടാതെ പൂർത്തിയാക്കുന്നതിന് ആവശ്യമായ നടപടികൾ സ്വീകരിക്കുമോ; വിശദമാക്കാമോ?

**മറുപടി:** തുടർ നടപടികൾ സ്വീകരിച്ച് വരുന്നുണ്ട്.

**സെക്ഷൻ ഓഫീസർ**